# കൊറഗേറ്റഡ് ബോക്സ് വ്യവസായം അടച്ചു പൂട്ടൽ ഭീഷണിയിൽ

കൊച്ചി: വർധിച്ച ചെലവും അസംസ്കൃത വസ്തുക്കളുടെ വിതരണ തടസങ്ങളുടെയും ഇരട്ട പ്രഹരത്തിൽ കോറഗേറ്റഡ് ബോക്സ് (കാർട്ടൺ ബോക്സ്) വ്യവസായ മേഖല. കടലാസ് വില വർധനയിൽ മാത്രം 70 ശതമാനം ബോക്സ് നിർമാതാക്കളും അടച്ചു പൂട്ടി. ബോക്സ് നിർമാണത്തിനുള്ള പ്രധാന അസംസ്കൃത വസ്തുവായ ക്രാഫ്റ്റ് പേപ്പറിന്റെ വിലവർധിച്ചതാണു കനത്ത തിരിച്ചടിയായത്.

കോവിഡിനെ തുടർന്നുണ്ടായ ലോക്ക്ഡൗണും രാജ്യാന്തര ലോജിസ്റ്റിക്സ് തടസങ്ങളും ക്രാഫ്റ്റ് പേപ്പറിന്റെ ലഭ്യത കുറച്ചു. ക്രാഫ്റ്റ് പേപ്പർ കൂടാതെ തൊഴിലാളികളുടെ കൂലി, പശ, ചരക്ക് കൂലി തുടങ്ങിയവയിലുണ്ടായ ചെലവു വർധനയും കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ 60–70 ശതമാനം വില വർധനയ്ക്കു കാരണമായിട്ടുണ്ട്.

ഭൂരിഭാഗവും എംഎസ്എംഇകളായി പ്രവർത്തിക്കുന്ന ഇവയെല്ലാം അവിചാരിതമായ വിലവർധനയിൽ അടച്ചു പൂട്ടലിന്റെ വക്കിലാണെന്നും ഇന്ത്യൻ കൊറഗേറ്റഡ് കേസ് ഉൽപ്പാദക അസോസിയേഷൻ പ്രസിഡന്റ് സന്ദീപ് വാധ്വാ പറഞ്ഞു.